## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :**8001** **16.07.2014** ൽ മറുപടിക്ക്

### ബീഡിവ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്ത് പരിഹാരമാർഗമാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) തൊഴിൽ നഷ്ടപ്പെട്ട 45 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള ദിനേശ്ബീഡി തൊഴിലാളികൾക്ക് 2009 ജൂൺ മാസം മുതൽ 500/-രൂപ പ്രതിമാസപെൻഷൻ അനുവദിച്ചിട്ടുള്ളതും പ്രസ്തുത പെൻഷൻതുക 2013 ഫെബ്രുവരി മാസം വരെ വിതരണം ചെയ്തിട്ടുള്ളതുമാണ്.<br>ബീഡി മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കു-സാറ്റ് എന്ന സ്ഥാപനം മുഖേനെ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ മറ്റുവകുപ്പുകളെ ഏകോപിപ്പിച്ച് പാക്കേജ് നടപ്പിലാക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) തകർച്ച നേരിടുന്ന ബീഡി വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര തൊഴിലാളികളും കുടുംബങ്ങളും ദുരിതമനുഭവിക്കുന്നുണ്ട് എന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; | (സി) കേരള ദിനേശ്ബീഡി തൊഴിലാളികളുടെ 2780 കുടുംബങ്ങൾ അനാരോഗ്യം കാരണം ജോലി ഉപേക്ഷിച്ചതായി കണക്കാക്കുന്നു. |
| (ഡി) എങ്കിൽ ഇവർക്ക് ആശ്വാസം നൽകുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; | (ഡി) പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഹാന്റ് ഹോൾഡിംങ് സർവ്വീസ് നടത്തുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകുക, ബീഡി തൊഴിലാളികളെ കാർഷികാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കി പുനരധിവസിപ്പിക്കുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) ഈ മേഖലയിൽ പ്രവർത്തിച്ചവർക്ക് സർക്കാർ നൽകേണ്ട പല ആനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി | (ഇ) അനാരോഗ്യവും തൊഴിൽകുറവും കാരണം തൊഴിൽ നഷ്ടപ്പെട്ട 45 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള ദിനേശ്ബീഡി തൊഴിലാളികൾക്ക് 2013 |

| | |
|---|---|
| ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | മാർച്ച് മാസം മുതലുള്ള ആശ്വാസപെൻഷൻ കുടിശ്ശികതുക അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ